പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്ന മിടാത്ത
ചോദ്യം നമ്പർ: 587

28.9.2011 ൽ മറുപടിയ്ക്ക്

മരുന്നുവിപണിയിലെ ചൂഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ.വി. പി. സജീന്ദ്രൻ | ശ്രീ അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ മരുന്നു വിപണി രോഗികളെ ചൂഷണം ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . |
| (ബി) ഇതു സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ ; | (ബി) ലഭിച്ചിട്ടുണ്ട്. |
| സി) മരുന്നുവിപണിയിൽ സർക്കാർ ഇടപെടാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എങ്ങനെയാണ് ; | (സി)ജീവൻ രക്ഷാ മരുന്നുകൾ അടക്കമുള്ള 529 ഇനം അവശ്യമരുന്നുകൾ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന കമ്പനികളിൽ നിന്നും നേരിട്ട് സംഭരിച്ച് സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്. കൂടാതെ പേയിങ് കൗണ്ടറുകൾ വഴി മിതമായ വിലയ്ക്കും മരുന്നുകൾ വിതരണം ചെയ്യുന്നുണ്ട്. മാവേലി മെഡിക്കൽ സ്റ്റോറുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവ തുച്ഛമായ ലാഭം മാത്രം ഈടാക്കി മരുന്നുകളുടെ ലേബലിൽ പ്രിന്റ് ചെയ്തിട്ടുള്ള Maximum Retail Price – ൽ നിന്നും കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യുന്നുണ്ട്. |
| ഡി) മരുന്നിന്റെ ഉല്പാദന, വിതരണ, ഗുണനിലവാര കാര്യങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | ഡി) ഇക്കാര്യങ്ങളിൽ തീരുമാനമെടുക്കുന്നത് കേന്ദ്ര സർക്കാരാണ്. ഈ വക കാര്യങ്ങൾ നിയന്ത്രിക്കുന്നത് കേന്ദ്ര ആക്ടായ 1940 – ൽ നിലവിൽ വന്ന ഡ്രഗ്സ് ആന്റ് കോസ്മെറ്റിക് ആക്ടും 1945 ൽ നിലവിൽ വന്ന ഡ്രഗ്സ് ആന്റ് കോസ്മെറ്റിക് റൂളും പ്രകാരമാണ്. ഈ ആക്ടിലെ വകുപ്പുകളും ചട്ടങ്ങളും കാലാനുസൃതമായി ആവശ്യാനുസരണം ഭേദഗതികൾ കേന്ദ്ര സർക്കാർ വരുത്തുന്നുണ്ട്. |
| ഇ )രോഗികൾക്ക് ആശ്വാസം നൽകുന്നതിനായി സർക്കാരിന്റെ വിവിധ ഏജൻസികൾവഴി മരുന്നു വിൽക്കുന്ന കാര്യം പരിഗണിക്കുമോ ? | ഇ )സർക്കാർ ആശുപത്രികളിൽ പാവപ്പെട്ട രോഗികൾക്ക് സൗജന്യമായാണ് മരുന്നുകൾ വിതരണം ചെയ്യുന്നത്. സർക്കാർ സംരംഭങ്ങളായ മാവേലി മെഡിക്കൽ സ്റ്റോറുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവ കുറഞ്ഞ വിലയ്ക്ക് മരുന്നുകൾ വിതരണം ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ